## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6017 07/07/2014-ൽ മറുപടിയ്ക്ക്

# കർഷക പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കർഷക പെൻഷൻ അനുവദിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് എന്ന് വിശദമാക്കുമോ; | എ) 1. രണ്ട് ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ള കർഷകൻ.<br>2. ഒന്നാം ഘട്ടത്തിൽ 2012 ജൂൺ 15 ന് മുമ്പ് 60 വയസ്സ് തികയുന്നവരെയാണ് അർഹരായി പരിഗണിച്ചിരുന്നത്. പിന്നീട് 29.10.2013 ലെ സ.ഉ(എം.എസ്)316/2013/കൃഷി പ്രകാരം 60 വയസ്സ് തികയുന്നമുറയ്ക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.<br>3. തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് മെമ്പർഷിപ്പ് ഫീസായി 25 രൂപ നിശ്ചയിച്ചിട്ടുണ്ട്. |
| ബി) ഒരേ റേഷൻ കാർഡിൽ പേരുള്ള ഒരു കുടുംബത്തിലെ എത്ര പേർക്ക് വരെ കർഷക പെൻഷൻ അനുവദിക്കും എന്ന് വ്യക്തമാക്കുമോ; | ബി) ഒരു കുടുംബത്തിൽ ഒരാൾക്ക് മാത്രമേ കർഷക പെൻഷൻ നിലവിൽ അനുവദിക്കുന്നുള്ളു. |
| സി) മറ്റ് ക്ഷേമപെൻഷനുകൾ ഏതെങ്കിലും വാങ്ങുന്നവർക്ക് കർഷക പെൻഷൻ അനുവദിക്കുവാൻ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ; | സി) മറ്റ് ക്ഷേമ പദ്ധതി ഗുണഭോക്താക്കളായ 8,13,282 പേർക്കു കൂടി പ്രതിവർഷം 487.96 കോടി രൂപ അധിക സാമ്പത്തിക ബാദ്ധ്യത സർക്കാർ വഹിക്കേണ്ടതായ സാഹചര്യം ഒഴിവാക്കുന്നതിനായി ഒരാൾക്ക് ഒന്നിൽ കൂടുതൽ ക്ഷേമ പെൻഷൻ ലഭ്യമാകുന്ന അവസ്ഥ ഒഴിവാക്കുന്നതിനായും മറ്റ് ക്ഷേമ പദ്ധതികൾ, പെൻഷൻ തുടങ്ങിയവയുടെ ഗുണഭോക്താക്കൾക്ക് ചെറുകിട നാമമാത്ര കർഷക പെൻഷൻ അനുവദനീയമല്ല എന്ന വ്യവസ്ഥ കൂടി ചേർത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ ഭേദഗതി ചെയ്യുന്ന കാര്യം പരിശോധിച്ചു വരികയാണ്. |
| ഡി) കർഷകപെൻഷൻ സംബന്ധിച്ച് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ; | ഡി) ഉള്ളടക്കം ചെയ്തിരിക്കുന്നു. |

| | | |
|---|---|---|
| ഇ) | എത്ര രൂപയാണ് കർഷക പെൻഷനായി നൽകുന്നതെന്നും 31.05.2014 വരെ എത്ര രൂപ ഈ ഇനത്തിൽ കുടിശികയുണ്ടെന്നും വ്യക്തമാക്കുമോ? | ഇ) പ്രതിമാസം 500 രൂപയാണ് കർഷക പെൻഷനായി നൽകി വരുന്നത്. 2014 ഏപ്രിൽ മാസം മുതൽ കർഷക പെൻഷൻ 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2012 ജൂൺ 15 വരെ പദ്ധതിയിൽ അംഗമായിട്ടുള്ള കർഷകർക്ക് കുടിശ്ശികയില്ല. എന്നാൽ 2012 ജൂൺ 15 ന് ശേഷം പദ്ധതിയിൽ അംഗമായവർക്ക് 19 ഗഡു കുശ്ശികയായി നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള ന

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - കർഷക ക്ഷേമം- നെൽക്കർഷകർക്കായി നടപ്പിലാക്കി വരുന്ന പെൻഷൻ പദ്ധതി ചെറുകിട നാമമാത്ര കർഷകർക്കു കൂടി അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**കൃഷി (ആസൂത്രണം - ബി) വകുപ്പ്**

സ.ഉ.(എം.എസ്). 197/2011/കൃഷി                തീയതി, തിരുവനന്തപുരം, 16.08.2011

==========================================================

**<u>പരാമർശം:-</u>** 31.01.2009-ലെ ജി.ഒ(പി) 22/09/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി കിസാൻ അഭിമാൻ കർഷക ക്ഷേമ പദ്ധതിക്ക് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. നിലവിൽ കിസാൻ അഭിമാൻ പദ്ധതിയിൻ കീഴിൽ 13713 നെൽകർഷകർക്ക് പ്രതിമാസം 300/- (മുന്നൂറു) രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു.

ചെറുകിട നാമമാത്ര കർഷകർക്കു കൂടി ഇതേ മാതൃകയിൽ പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും ഭൂരിഭാഗവും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരുമാണ്. എന്നാൽ ഇവർ സംസ്ഥാനത്തിൻെറ സാമ്പത്തിക വികസനത്തിന് വലിയൊരു പങ്ക് വഹിക്കുന്നു. മറ്റ് മേഖലകളിലെ സംഘടിത വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ ഒരു ഹെക്ടറോ അതിനു താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു.

ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി നിലവിൽ കൃഷി വകുപ്പിൻെറ ബഡ്ജറ്റിൽ ഇരുന്നൂറ്റി എട്ട് ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. നിലവിൽ നെൽകർഷകർക്ക് പെൻഷൻ നൽകുന്നതിന് അധികമായി ഇരുന്നൂറ്റി എൺപത്തിയഞ്ച് ലക്ഷം രൂപ കൂടി

വേണ്ടി വരും. ഈ പുതുക്കിയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് കൂടുതൽ തുക അനുവദിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ ഒരു ഹെക്ടറോ അതിനു താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന പദ്ധതി അംഗീകരിച്ചു കൊണ്ടും പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

പദ്ധതി നിർവ്വഹണം സംബന്ധിച്ച് ആവശ്യമായ മറ്റ് ക്രമീകരണങ്ങൾ കൃഷി വകുപ്പ് ഡയറക്ടർ നടത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ. ജയകുമാർ

അഡീഷണൽ ചീഫ് സെക്രട്ടറി & കാർഷികോല്പാദന കമ്മീഷണർ

ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ,(എ & ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ധനകാര്യ വകുപ്പ് (യു.ഒ. നം. 65370/എ.ഡബ്ല്യു. ബി1/11/ധന. തിയതി, 16.8.2011)
ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി )

(കരുതൽ ഫയൽ/ഓഫീസ് കോപ്പി).

ഉത്തരവിൻപ്രകാരം

Sherly. P

സെക്ഷൻ ഓഫീസർ.

വകർപ്പ്:- ജി.എ.ഡി. (എസ്.സി) വകുപ്പിന്.(10.8.2011-ലെ ഇനം നംപർ.310)
കൃഷി വകുപ്പ് മന്ത്രിയുടെ പി.എസിന്
കാർഷികോൽപ്പാദന കമ്മിഷണറുടെ പി.എ യ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ. യക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കർഷക ക്ഷേമം - 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കർഷകർക്ക് - ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിന് അനുവാദം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**കൃഷി (ആസൂത്രണം - ബി) വകുപ്പ്**

സ.ഉ.(എം.എസ്) 316 /2013/കൃഷി തീയതി, തിരുവനന്തപുരം, 29.10.2013

==========================================================

പരാമർശം:- (1) 16.08.2011-ലെ സ.ഉ(എം.എസ്) 197/2011/കൃഷി.
(2) 13.02.2012-ലെ സ.ഉ(എം.എസ്) 26/2012/കൃഷി.
(3) കൃഷി ഡയറക്ടറുടെ 16.11.2012-ലെ റ്റി.എസ്.(1)10032/2012 നമ്പർ കത്ത്.
(4) 12.07.2013-ലെ സ.ഉ(അച്ചടി) നമ്പർ 339/2013/ധന.

**ഉത്തരവ്**

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

1. ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ 400/- രൂപയായി വർദ്ധിപ്പിക്കുന്നു.
2. 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെയായിരിക്കും ചെറുകിട നാമമാത്ര കർഷകരായി കണക്കാക്കുന്നത്.
3. തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപയായിരിക്കും.

എന്നീ ഭേദഗതികളോടെ പരാമർശം (1) ലെ ഉത്തരവ് പരിഷ്ക്കരിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിനു ശേഷം പരാമർശം (4) പ്രകാരം ചെറുകിട നാമമാത്ര കർഷക പെൻഷൻ 01.04.2013 മുതൽ മുൻകാല പ്രാബല്യത്തോടെ 500 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2012 ജൂൺ മാസം 15-ാം തീയതി വരെയാണ് പദ്ധതിയിൽ അംഗമാകുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നത്. എന്നാൽ ഈ തീയതിക്ക് ശേഷം 60 വയസ്സ് തികയുന്ന അർഹരായ കർഷകർക്ക് പദ്ധതിയുടെ, ആനുകൂല്യം ലഭിക്കുന്നതിനായി 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കൃഷി ഭവനുകളിൽ അപേക്ഷ നൽകി പദ്ധതിയിൽ അംഗമാകുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ അർഹരായ ചെറുകിട നാമമാത്ര കർഷകർ 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കൃഷി ഭവനുകളിൽ അപേക്ഷ നൽകി ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

13.12.2012 ലെ സ.ഉ(എം.എസ്)26/12/കൃഷി നമ്പർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി പുതുതായി ചേർന്ന അംഗങ്ങൾക്കു കൂടി 500 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കാവുന്നതാണ്. അധിക ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായ 103.20 കോടി രൂപയിൽ നിന്നും കണ്ടെത്താവുന്നതാണ്. ഭാവിയിൽ ആവശ്യമുള്ള തുകയ്ക്ക് നിർദ്ദേശം സമർപ്പിക്കുവാൻ ആവശ്യമായ നടപടി കൃഷി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ ജ്യോതിലാൽ**
സെക്രട്ടറി

ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ,(എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
ധനകാര്യ വകുപ്പ് (യു.ഒ.നമ്പർ-72355/അഗ്രി.വിങ്.ബി 1/13/ധന തീയതി 12.09.2013.
ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കൃഷി (കൃഷി) വകുപ്പ്
(കരുതൽ ഫയൽ/ഓഫീസ് കോപ്പി).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കർഷക ക്ഷേമം- ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=============================================================

**കൃഷി (ആസൂത്രണം - ബി) വകുപ്പ്**

സ.ഉ.(എം.എസ്) 26/2012/കൃഷി തീയതി. തിരുവനന്തപുരം.13.2.2012.

=============================================================

**പരാമർശം:-** (1) 16.8.2011-ലെ ജി.ഒ(എം.എസ്) 197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

(2) 22.10.2011 - ലെ റ്റി.പി (2) 16377/11 നമ്പരിലുള്ള കൃഷി ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിന് കർഷകക്ഷേമബോർഡ് രൂപീകരിക്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനും പരാമർശം (2) പ്രകാരം കൃഷി ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പരാമർശം ഒന്ന്-ലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1)ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ 400/- രൂപയായി വർദ്ധിപ്പിക്കുന്നു.

2) 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെയായിരിക്കും ചെറുകിട നാമമാത്ര കർഷകരായി കണക്കാക്കുന്നത്.

3)തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപയായിരിക്കും

നിലവിലുള്ള സംവിധാനം ഉപയോഗിച്ചുകൊണ്ടുതന്നെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ കൃഷി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.ജയകുമാർ
അഡീഷണൽ ചീഫ് സെക്രട്ടറി &
കാർഷികോത്പാദന കമ്മീഷണർ

ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ.(എ & ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ധനകാര്യ വകുപ്പ് (യു.ഒ. നം. 89419/എ.ഡബ്ല്യു. ബി1/11/ധന. തിയതി, 28.12.2011)
ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി )

(കരുതൽ ഫയൽ/ഓഫീസ് കോപ്പി).

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി - പ്രതിമാസ പെൻഷൻ പുതുക്കി നിശ്ചയിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

## കൃഷി (ആസൂത്രണം - ബി) വകുപ്പ്

സ.ഉ.(എം.എസ്) 147/2014/കൃഷി    തീയതി, തിരുവനന്തപുരം, 25.06.2014

===========================================================

പരാമർശം:- (1) 29.10.2013-ലെ സ.ഉ(എം.എസ്) 316/2013/കൃഷി.
(2) കൃഷി ഡയറക്ടറുടെ 01.04.2014-ലെ റ്റി.എസ്.(1)10032/2014 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 500 രൂപ നിരക്കിൽ പെൻഷൻ നൽകി ഉത്തരവായിട്ടുണ്ട്. 2014-15 ലെ ബഡ്ജറ്റ് നിർദ്ദേശത്തിൽ ടി തുക പ്രതിമാസം 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ 600 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽപ്പറഞ്ഞ വർദ്ധനവ് 01/04/2014 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആർ.ജ്യോതിലാൽ**
**സെക്രട്ടറി**

ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം.
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ധനകാര്യ ബഡ്ജറ്റ്-ഡി വകുപ്പ്. (365/ബ.വി.ഡി3/2014/ധന)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

Sndhama

**സെക്ഷൻ ഓഫീസർ**

Sndhama
സെക്ഷൻ ഓഫീസർ